## Literary Quiz

A literary quiz organized in collaboration with Mathrubhumi daily in the college auditorium on January 18, 2020.The senior sub editor of Mathrubhumi  Mr Samjath Narayanan monitored the programme. Mathrubhumi Regional Manager Mr . C Suresh Kumar gave away certificates to winners and all participants.HOD of Physical Education Mrs. K. Shereen , HOD of Malayalam Mrs Bindhu V.K and Librarian Mr. Ratheesh Kumar articulated their valuable comments about the programme.  Students from various departments actively participated in the competition. The programme enlighted the literary fervor of students. Prizes were distributed to the winners in the function arranged in S.D College Alapuzha. The benefactors of the Literary Quiz was 'Vidhyadhan' of Sarojini Damodar Foundation.







# മാതൃഭൂമി സാഹിത്യപ്രശ്നോത്തരി സമാപിച്ചു

ചെങ്ങന്നൂർ ► ജില്ലയിലെ കലാലയങ്ങളിൽ വിജ്ഞാനവിരുന്നൊരുക്കിയ മാതൃഭൂമി സാഹിത്യപ്രശ്നോത്തരി സമാപിച്ചു. മാതൃഭൂമി 'ക' സാഹിത്യോത്സവത്തിൻെറ വിളംബരമെന്നോണമാണ് പരിപാടി സംഘടിപ്പിച്ചത്.

ജില്ലയിലെ എല്ലാ കലാലയങ്ങളിൽ നിന്നും രണ്ടുപേരടങ്ങുന്ന ഏഴുടീമുകളാണ് മാറ്റുരച്ചത്.

പങ്കെടുത്ത എല്ലാവർക്കും മാതൃഭൂമി റീജണൽ മാനേജർ സി. സുരേഷ്കുമാർ സർട്ടിഫിക്കറ്റുകൾ സമ്മാനിച്ചു. മാതൃഭൂമി സീനിയർ സബ് എഡിറ്റർ സംജദ് നാരായണനാണ് മത്സരങ്ങൾ നിയന്ത്രിച്ചത്.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നടന്ന മത്സരത്തിൽ രണ്ടാംവർഷ ഭൗതികശാസ്ത്ര വിദ്യാർഥികളായ ജി.ജെയ്സൺ സാബു, അമൽ രാജ് എന്നിവരുടെ ടീമാണ് ഒന്നാമതെത്തിയത്. ഒന്നാംവർഷ സസ്യശാസ്ത്ര വിദ്യാർഥികളായ ശങ്കർ രാജേഷും അഡോൺ ജെയിംസും രണ്ടാമതെത്തി. പ്രിൻസിപ്പൽ ഡോ. ജോൺസൺ ബേബി, അധ്യാപകരായ എം.എ.ആകാശ്, ജെസി ഏബ്രഹാം, ബിന്ദു തോമസ് എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

ചെങ്ങന്നൂർ എസ്.എൻ. കോളേജിൽ നടന്ന മത്സരത്തിൽ ആർ.ദിവ്യയും യു.ലക്ഷ്മിയും അടങ്ങുന്ന ടീമാണ് ഒന്നാമതെത്തിയത്. അമീനാ മജീദ്, എസ്.അഞ്ജലി എന്നിവരുടെ ടീം രണ്ടാംസ്ഥാനം നേടി. അസിസ്റ്റൻറ് പ്രൊഫസർ കെ.ഷെറിൻ, വി.കെ.ബിന്ദു, ലൈബ്രേറിയൻ രതീഷ്കുമാർ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. വിജയികൾക്ക് ശനിയാഴ്ച ആലപ്പുഴ എസ്.ഡി. കോളേജിൽ നടക്കുന്ന ചടങ്ങിൽ സമ്മാനങ്ങൾ നൽകും. സരോജിനി ദാമോദരൻ ഫൗണ്ടേഷൻെറ 'വിദ്യാധൻ' ആണ് മത്സരത്തിൻെറ പ്രായോജകർ.



▶ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ പ്രശ്നോത്തരിയിൽ ഒന്നാംസ്ഥാനം നേടിയ ജി.ജെയ്സൺ സാബുവും അമൽ രാജുവും. രണ്ടാമതെത്തിയ ശങ്കർ രാജേഷും അഡോൺ ജെയിംസും (വലത്ത്)

▶ ചെങ്ങന്നൂർ എസ്.എൻ. കോളേജിലെ പ്രശ്നോത്തരിയിൽ ഒന്നാംസ്ഥാനം നേടിയ ആർ.ദിവ്യയും യു.ലക്ഷ്മിയും. രണ്ടാമതെത്തിയ അമീനാ മജീദും എസ്. അഞ്ജലിയും (വലത്ത്)